REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി കൊച്ചിയിലെത്തി - 10,800 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **NDA യുടെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിക്കും.**
- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിർത്തിവെച്ച ലോക്സഭാ നടപടികൾ പുനരാരംഭിച്ചു.**
- **രക്തോത്പന്നങ്ങളുടെ പരിശോധനാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് ഡ്രഗ്സ് റൂൾ ഭേദഗതിയിൽ കേന്ദ്രം പൊതുജനാഭിപ്രായം തേടി.**
- **വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫെയറിലെ അവസാന ഗ്രൂപ്പ് മൽസരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി കൊച്ചിയിൽ എത്തി. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ അൽപ്പസമയത്തിനകം അദ്ദേഹം ഉദ്ഘാടനം ചെയ്യും. കലൂർ സ്റ്റേഡിയത്തിൽ BJP സംഘടിപ്പിക്കുന്ന 'വികസിത കേരളം മോദിക്കൊപ്പം' പരിപാടിയെയും നരേന്ദ്രമോദി അഭിസംബോധന ചെയ്യും. 10,800 കോടി രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

തലപ്പാടി-ചെങ്കള ആറുവരിപ്പാത, വെങ്ങളം - രാമനാട്ടുകര ആറുവരി ബൈപ്പാസ് എന്നീ ദേശീയപാത പദ്ധതികളും, PM ഗ്രാം സഡക് യോജന പ്രകാരം നിർമിച്ച 23 ഗ്രാമീണ റോഡുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

BPCL കൊച്ചി എണ്ണശുദ്ധീകരണശാലയിലെ 5,500 കോടി രൂപയുടെ പോളി പ്രൊപ്പിലീൻ യൂണിറ്റിനും അദ്ദേഹം തറക്കല്ലിടും.

പുനർനവീകരിച്ച ഷൊർണൂർ, കുറ്റിപ്പുറം, ചങ്ങനാശേരി റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം, പാലക്കാട്-പൊള്ളാച്ചി ട്രെയിൻ സർവീസിന്റെ ഫ്ലാഗ് ഓഫ് എന്നിവയും പ്രധാനമന്ത്രി നിർവഹിക്കും.

ഷൊർണൂർ-നിലമ്പൂർ റോഡ് റെയിൽപ്പാത വൈദ്യുതവൽക്കരണ പദ്ധതി അദ്ദേഹം രാഷ്ട്രത്തിനു സമർപ്പിക്കും. കൊല്ലം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പദ്ധതിക്കും പ്രധാനമന്ത്രി തറക്കല്ലിടും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ വൈകീട്ട് മൂന്നര വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

NDA യുടെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി കൊച്ചിയിൽ ഇന്ന് തുടക്കം കുറിക്കും. വികസിത കേരളം ലക്ഷ്യമിട്ട മാറ്റത്തിനാണ് പ്രധാനമന്ത്രി എത്തിയതെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അറിയിച്ചു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന തെരഞ്ഞെടുപ്പ് കൺവൻഷനിൽ അരലക്ഷത്തോളം പേർ പങ്കെടുക്കുമെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

കേരള സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തമിഴ്നാടും സന്ദർശിക്കും. തിരുച്ചിറപ്പള്ളിയിൽ ഏകദേശം 5,650 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

✪✪✪

ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ചോദ്യോത്തരവേള ആരംഭിച്ചെങ്കിലും ബഹളത്തെ തുടർന്ന് നിർത്തിവെച്ച ലോക്സഭാ നടപടികൾ പുനരാരംഭിച്ചു.

✪✪✪

രാജ്യത്ത് ഓട്ടോമാറ്റിക് ട്രെയിൻ പ്രൊട്ടക്ഷൻ സിസ്റ്റം കവചിന്റെ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്ന് റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ അറിയിച്ചു. അഞ്ച് ഉപ സംവിധാനങ്ങളോടെ സങ്കീർണ്ണമായ ഒരു സംവിധാനമാണ് കവച്. എണ്ണായിരത്തി 570 കിലോമീറ്ററിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ, സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷം രണ്ടാഴ്ചയിലേക്ക് കടക്കുമ്പോൾ ഹോർമൂസ് കടലിടുക്ക് വഴി വാണിജ്യ കപ്പൽ ഗതാഗതം നിലച്ചു. കപ്പൽ ഗതാഗതം 80 ശതമാനത്തിലധികമാണ് കുറഞ്ഞത്. 150-ഓളം എണ്ണകപ്പലുകൾ കടലിടുക്കിന് പുറത്ത് നങ്കൂരമിട്ടിട്ടുണ്ട്. ഇവയിൽ 16 ബില്യൺ ലിറ്റർ എണ്ണയുണ്ടെന്നാണ് കണക്ക്.

കടലിടുക്കിന് സമീപം പത്ത് വാണിജ്യകപ്പലുകളിലെങ്കിലും ഡ്രോൺ ആക്രമണം ഉണ്ടായതായാണ് റിപ്പോർട്ട്. പ്രതിസന്ധി മറികടക്കാൻ ഫ്രാൻസ് നടപടിയാരംഭിച്ചു. വാണിജ്യ കപ്പലുകളെ ഹോർമൂസ് കടലിടുക്കിലൂടെ കൊണ്ടുപോകാൻ ലക്ഷ്യമിട്ട് സഖ്യം രൂപീകരിക്കുമെന്ന് ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോൺ പ്രഖ്യാപിച്ചു. ഈ ദൗത്യം പൂർണമായും പ്രതിരോധത്തിലൂന്നിയായിരിക്കുമെന്നും മക്രോൺ അറിയിച്ചു.

✪✪✪

വിദേശകാര്യമന്ത്രി ഡോ.S.ജയശങ്കർ, ഇറാൻ വിദേശകാര്യമന്ത്രി സയ്യിദ് അബ്ബാസ് അരഗച്ചിയുമായി പശ്ചിമേഷ്യയിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ ചർച്ച ചെയ്തു. ഇന്ത്യ-ഇറാൻ ബന്ധം തുടരാൻ ഇറാൻ വിദേശകാര്യമന്ത്രി സമ്മതിച്ചതായി ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മധ്യപൂർവദേശ സംഘർഷം എത്രയും വേഗം ലഘൂകരിക്കാനും രാഷ്ട്രീയ മാർഗങ്ങളിലൂടെ അത് പരിഹരിക്കാനും കഴിയണമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു. ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ് കിയാനുമായി ഫോൺ സംഭാഷണത്തിനിടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. മേഖലയിലെ സ്ഥിതിഗതി ഇരുനേതാക്കളും ചർച്ച ചെയ്തു. മിഡിൽ ഈസ്റ്റിലുടനീളം പ്രതിസന്ധി വ്യാപിക്കുന്നത് തടയേണ്ടതിന്റെ പ്രാധാന്യം വ്ളാഡ്മിർ പുടിൻ ആവർത്തിച്ചു.

✪✪✪

അതിവേഗം വളരുന്ന വ്യോമയാന മേഖലയുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രമങ്ങളെ കേന്ദ്രമന്ത്രി രാം മോഹൻ നായിഡു അഭിനന്ദിച്ചു. സിവിൽ ഏവിയേഷൻ മന്ത്രാലയം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ച അടിസ്ഥാന സൗകര്യ പദ്ധതികളും ഡിജിറ്റൽ നിരീക്ഷണവും സംബന്ധിച്ച ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പശ്ചിമേഷ്യൻ മേഖലയിലെ സംഭവവികാസങ്ങളും, ഇന്ത്യയ്ക്കും മേഖലയ്ക്കും ഇടയിലെ വ്യോമഗതാഗതത്തിൽ അവ ചെലുത്തുന്ന പ്രത്യാഘാതങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്രസിവിൽ വ്യോമയാനം മന്ത്രാലയം അറിയിച്ചു. ഇന്ന് മുതൽ എയർ ഇന്ത്യയും എയർഇന്ത്യ എക്സ്പ്രസും റിയാദിലേക്ക് സർവീസ് നടത്തുമെന്നും ഇൻഡിഗോ മുംബൈ-റിയാദ്-മുംബൈ സർവീസുകൾ ആരംഭിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ധനക്ഷാമം നിമിത്തം ക്യൂബയിൽ ആരോഗ്യ സംവിധാനം ഗുരുതര പ്രതിസന്ധി നേരിടുകയാണെന്ന് UN അറിയിച്ചു. ആശുപത്രികളിൽ വൈദ്യുതി പതിവായി മുടങ്ങുകയാണെന്നും നിർണായക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ തടസ്സം നേരിടുകയാണെന്നും UN വക്താവ് പറഞ്ഞു. അവശ്യമരുന്നുകളുടെ കുറവും മാതൃ-ശിശു പരിചരണത്തിലെ പോരായ്മയും പ്രധാന മാനുഷിക പ്രശ്നമായി മാറിയിരിക്കുകയാണെന്നും UN വ്യക്തമാക്കി.

✪✪✪

സംസ്ഥാന ഗവണ്മെന്റ് കൂടി പണം മുടക്കി ഭൂമി ഏറ്റെടുത്ത് പൂർത്തിയാക്കിയ ദേശീയപാത 66-ന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന് സംസ്ഥാന ഗവണ്മെന്റിന്റെ പ്രതിനിധികളെ ബോധപൂർവ്വം ഒഴിവാക്കുന്നത് ഞെട്ടിക്കുന്നതാണെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു.

ദേശീയപാത വികസനത്തിന് ഇന്ത്യയിൽ ആദ്യമായി സംസ്ഥാന ഗവണ്മെന്റ് നേരിട്ട് പണം ചെലവഴിക്കുന്നത് കേരളത്തിലാണെന്നും 5,580 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കാൻ നൽകിയതെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

ഉദ്ഘാടന ചടങ്ങിലെ പ്രാതിനിധ്യം ഇല്ലാതാക്കിയാൽ ചരിത്രപരമായ സംഭാവനകളെ ഇല്ലാതാക്കാൻ കഴിയില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

കൊച്ചിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിൽനിന്ന് തന്നെ ഒഴിവാക്കിയ നടപടി ശരിയല്ലെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാനത്തെ സുപ്രധാനമായ വികസന പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുപ്പിക്കാതെ BJP സംസ്ഥാന പ്രസിഡന്റിനെ ഉൾപ്പെടുത്തിയത് ജനാധിപത്യത്തിന് ചേർന്നതല്ലെന്നും അദ്ദേഹം ആരോപിച്ചു.

എന്നാൽ മുഖ്യമന്ത്രിയെ ചടങ്ങിൽ ക്ഷണിച്ചിട്ടുണ്ടെന്നും വിവാദങ്ങൾ അനാവശ്യമാണെന്നും ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ദേശീയപാതയുടെ ഉദ്ഘാടനം കേരളത്തിന്റെ അഭിമാന നേട്ടമാണെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V.ഗോവിന്ദൻ പറഞ്ഞു. എന്നാൽ കേന്ദ്ര ഗവണ്മെന്റ് അതിനെ രാഷ്ട്രീയവത്കരിച്ചു. കേന്ദ്രം മുടക്കിയ പണം ഘട്ടംഘട്ടമായി തിരിച്ചുപിടിക്കുമെന്നും സംസ്ഥാനം ചെലവഴിച്ച പണത്തിനു തിരിച്ചടവില്ല എന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രക്തോത്പന്നങ്ങളുടെ പരിശോധനാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് 1945-ലെ ഡ്രഗ്സ് റൂൾ ഭേദഗതിയുടെ കരടിൽ കേന്ദ്ര ആരോഗ്യമന്ത്രാലയം പൊതുജനാഭിപ്രായം തേടി. ഇതു സംബന്ധിച്ച വിജ്ഞാപനം തിങ്കളാഴ്ചയാണ് പുറപ്പെടുവിച്ചത്. രക്തോത്പന്നങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട ഫാർമകോപ്പിയ മാനദണ്ഡങ്ങൾക്കനുസൃതമായി ക്രമീകരിക്കാനും മികച്ച ആഗോള രീതികൾക്ക് വിരുദ്ധമായ പരിശോധനാ നിബന്ധനകൾ ഒഴിവാക്കാനുമാണ് നിർദിഷ്ട ഭേദഗതി ലക്ഷ്യമിടുന്നത്.

✪✪✪

ഡൽഹിയുടെ 23-മത് ലഫ്റ്റനന്റ് ഗവർണറായി തരൺജിത് സിംഗ് സന്ധു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഉച്ചയ്ക്ക് ശേഷം ഡൽഹിയിലെ ലോക് നിവാസിലെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ്റ്റ് സത്യവാചകം ചൊല്ലിക്കൊടുക്കും. വിനയ് കുമാർ സക്സേനയെ ലഡാക്ക് ലഫ്റ്റനന്റ് ഗവർണർ ആയി നിയോഗിച്ചതോടെയാണ് തരൺജിത് സിംഗ് സന്ധുവിന്റെ നിയമനം.

✪✪✪

കണ്ണൂർ ഗവ.മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിയിരിപ്പുകാർക്കുമായി നിർമ്മിച്ച ആശ്വാസ് വാടക വീട് മന്ത്രി K.രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിന് ആരംഭിച്ചതാണ് ആശ്വാസ് വാടക വീട്. 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് മൂന്ന് നില കെട്ടിടമാണ് സജ്ജമാക്കിയത്.

✪✪✪

ഹൈദരാബാദിൽ വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫെയറിലെ അവസാന ഗ്രൂപ്പ് മൽസരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും. വൈകീട്ട് 7.30 നാണ് മൽസരം. 2 മൽസരങ്ങളിൽ നിന്ന് 4 പോയിന്റുമായി ഇന്ത്യ പൂൾ ബിയിൽ ഒന്നാമതാണെങ്കിലും സെമിയിൽ കടക്കാൻ ഇന്നത്തെ മൽസരത്തിൽ ജയിക്കേണ്ടതുണ്ട്.

✪✪✪

ട്വന്റി - 20 ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിനും സപ്പോർട്ട് സ്റ്റാഫിനും ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് 131 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു. 15 കളിക്കാർ, കോച്ചിംഗ് സ്റ്റാഫ്, മറ്റ് സപ്പോർട്ട് സ്റ്റാഫ് എന്നിവർക്കാണ് സമ്മാനത്തുക നൽകുക.

2024 ലെ ലോകകപ്പിൽ ജേതാക്കളായപ്പോൾ 125 കോടി രൂപയാണ് BCCI സമ്മാനത്തുക നൽകിയത്.

✪✪✪

പാക് രഹസ്യാന്വേഷണ ഏജൻസി ISI ക്ക് വേണ്ടി ചാരവൃത്തി നടത്തിയെന്ന് ആരോപിച്ച് ആഗ്ര സ്വദേശിയായ നാവിക സേനാ ഉദ്യോഗസ്ഥനെ ഉത്തർപ്രദേശ് ഭീകരവിരുദ്ധ സ്ക്വാഡ് അറസ്റ്റ് ചെയ്തു. കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിൽ ലാന്റ്സ് നായിക് ആയി നിയമിതനായ ആദർശ് കുമാറാണ് അറസ്റ്റിലായത്. തന്ത്രപ്രധാന വിവരങ്ങൾ ഇയാൾ കൈമാറിയതായും ATS പത്രക്കുറിപ്പിലൂടെ അറിയിച്ചു.

✪✪✪

മെറ്റീരിയൽ സയൻസ്, ഊർജ്ജ സാങ്കേതിക വിദ്യ, നാനോ ടെക്നോളജി എന്നിവയിൽ ഗവേഷണവും സഹകരണവും പ്രോത്സാഹിപ്പിക്കാൻ പോണ്ടിച്ചേരി സർവകലാശാലയും, ബഹുരാഷ്ട്ര കമ്പനിയായ സോഹോ കോർപ്പറേഷനും തമ്മിൽ ധാരാണാ പത്രത്തിൽ ഒപ്പിട്ടു. സർവകലാശാലയുടെ അക്കാദമിക് വൈദഗ്ധ്യവും പുത്തൻ സാങ്കേതിക വിദ്യകളിലെ ദീർഘകാല ഗവേഷണവും കോർപ്പറേഷനുമായി യോജിപ്പിച്ച് നൈപുണ്യ പ്രതിഭകളെ വളർത്തിയെടുക്കുകയാണ് ലക്ഷ്യം.  ഗ്രാമീണ അർദ്ധ നഗര പ്രദേശങ്ങളിൽ ഉയർന്ന ശമ്പളത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സംരംഭം സഹായിക്കുമെന്ന് സർവകലാശാല അറിയിച്ചു.

✪✪✪

മീനമാസ പൂജയ്ക്കായി ശബരിമലനട ശനിയാഴ്ച വൈകിട്ട് അഞ്ചിനു തുറക്കും. പൂജകൾ പൂർത്തിയാക്കി മാർച്ച് 19-ന് രാത്രി 10-ന് നട അടക്കും. പൈങ്കുനി ഉത്രം ഉത്സവത്തിനായി മാർച്ച് 22-ന് നട വീണ്ടും തുറക്കും. ഏപ്രിൽ ഒന്നിന് പമ്പയിൽ ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

✪✪✪

പാലക്കാട് നഗരസഭ പുതിയ ഭരണസമിതിയുടെ ആദ്യ ബജറ്റ് അവതരിപ്പിച്ചു. നഗരത്തിൽ 300 കോടി രൂപയുടെ സ്പോർട്സ് ഹബ്ബ്, കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 110 കോടി രൂപയുടെ വലിയങ്ങാടി - ടൗൺ ബസ് സ്റ്റാന്റ് വികസനം എന്നിവ ഉൾപ്പെടുന്നതാണ് ബജറ്റ്

656 കോടി 38 ലക്ഷം രൂപയുടെ ബജറ്റാണ് നഗരസഭ വൈസ് ചെയർപേഴ്സൺ ടി ബേബി അവതരിപ്പിച്ചത്.

✪✪✪

കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയവും, കരകൗശല വികസന കമ്മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന കരകൗശല മേളക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാകും. ബീച്ചിൽ ഓപ്പൺ സ്റ്റേജിനും ലൈറ്റ് ഹൗസിനും സമീപം DTPC അറീനയിലാണ് മേള. വിവിധ സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങളും സ്റ്റാളുകളും മേളയിലുണ്ടാകും. പ്രവേശനം സൗജന്യമാണ്.

✪✪✪

*News Editor & News Reader : വി കെ സുരേഷ്,*
*News Team: ശ്രുതി എം, ശരണ്യരാജൻ. അനഘ*
*DEO: സി കെ സുബോധ്*